"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- കോംപ്രിഹെൻസീവ് ഹൗസിങ് പ്രോജക്ട് ഫോർ ഫിഷർമെൻ (2016-17) പദ്ധതിയിലെ ഗുണഭോക്താവായ ശ്രീ.ബാലൻ എന്ന വ്യക്തി കൈപ്പറ്റിയ 50,000/- രൂപ തിരിച്ചടയ്ക്കുന്നതിനും, പലിശ തുക ഒഴിവാക്കി ആധാരം തിരികെ നൽകുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.118/2026/F&P തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 07/02/2026-ലെ DFTVM/122/2026-N1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മത്സ്യബന്ധന വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ കോംപ്രിഹെൻസീവ് ഹൗസിങ് പ്രോജക്ട് ഫോർ ഫിഷർമെൻ (2016-17) പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം എഗ്രിമെന്റ് വെച്ചതിനെ തുടർന്ന്, 31-10-2016 തീയതിയിൽ ഒന്നാം ഗഡുവായി 50,000/- രൂപ ശ്രീ.ബാലൻ, പുത്തൻ കടപ്പുറം എന്ന വ്യക്തി കൈപ്പറ്റിയിരുന്നു. എന്നാൽ, മകളുടെ അകാല നിര്യാണത്തെ തുടർന്ന് ഉണ്ടായ മാനസിക ശാരീരിക സമ്മർദ്ദങ്ങൾ കാരണം ടിയാന് പദ്ധതി പ്രകാരമുള്ള വീട് നിർമ്മിക്കാൻ കഴിഞ്ഞിരുന്നില്ല. പണി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ, പദ്ധതി പ്രകാരം ഈട് വച്ച ആധാരം തിരികെ നൽകണമെങ്കിൽ, ഒന്നാം ഘട്ട തുകയും, പലിശയും ഉൾപ്പെടുത്തി 1,31,483/- രൂപ സർക്കാർ ഖജനാവിലേക്ക് അടയ്ക്കേണ്ടതായിട്ടുള്ളതായി ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തുക അടയ്ക്കാൻ സാമ്പത്തികമായി കഴിയാത്തതിനാൽ, പലിശ ഇനത്തിലുള്ള തുക ഒഴിവാക്കി നൽകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ശ്രീ.ബാലൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി അപേക്ഷയിന്മേൽ നടത്തിയ അന്വേഷണത്തിൽ, നിലവിൽ ഇദ്ദേഹം മകനും ഭാര്യക്കുമൊപ്പം വാടക വീട്ടിൽ താമസിക്കുകയാണെന്നും, കുടുംബം സാമ്പത്തികമായി അതീവ പിന്നോക്കാവസ്ഥയിലാണെന്നും, ആയതിനാൽ, ടിയാന്റെ നിലവിലെ സാഹചര്യങ്ങൾ പരിഗണിച്ച് പദ്ധതി പ്രകാരം കൈപ്പറ്റിയ 50,000/- രൂപ മാത്രം ഒടുക്കുന്നതിനും ,പലിശ തുക ഒഴിവാക്കി ആധാരം തിരികെ നൽകുന്നതിന് അനുമതി നൽകണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫിഷറീസ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ചും, അപേക്ഷന്റെ നിലവിലെ അവസ്ഥ കണക്കിലെടുത്തും, ശ്രീ.ബാലൻ കൈപ്പറ്റിയ 50,000/- രൂപ മാത്രം തിരിച്ചടയ്ക്കുന്നതിനും, പലിശ തുക ഒഴിവാക്കി ആധാരം തിരികെ നൽകുന്നതിനുള്ള അനുമതി ഫിഷറീസ് ഡയറക്ടർക്ക് നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**
ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.സി2/54/2026/മതുവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 13-02-2026 15:17:56